ഉദ്ദേശിക്കുന്നത്. ഇന്നലെ നാഷണൽ ഹൈവേയുടെ ചീഫ് എഞ്ചിനീയർ ശ്രീ. ജോസഫ് മാത്യു ഡൽഹിയിൽ പോയിട്ടുണ്ട്. അദ്ദേഹവുമായി ഞാൻ രാവിലെ സംസാരിച്ചിരുന്നു. ഇതിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള മറ്റ് നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിലിന്റെ യോഗം

ശ്രീ. തോമസ് ചാണ്ടി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് അഴിമതിക്കെതിരെ കുരിശുയുദ്ധം നടത്തുന്ന ഒരു മുഖ്യമന്ത്രിയാണെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും യാതൊരു സംശയവുമില്ല. പക്ഷേ കുട്ടനാട് പാക്കേജിന്റെ കാര്യത്തിൽ അഴിമതി കാണിച്ചുകഴിഞ്ഞിട്ട് കുരിശുയുദ്ധം നടത്തുന്നതിനേക്കാൾ അഴിമതി ഉണ്ടാകാനുള്ള എല്ലാ വഴികളും അങ്ങ് കൊട്ടിയടയ്ക്കുകയാണ് വേണ്ടത്. ഞാൻ രണ്ട് ദിവസം മുമ്പ് ബോട്ട് ഓടിച്ച് ആ കായലിലൂടെ പോയപ്പോൾ അവിടെ ഒരു വർക്ക് നടക്കുന്നു. എന്താണ് ഇതെന്ന് ഉദ്യോഗസ്ഥരെ വിളിച്ചു ചോദിച്ചു. പിന്നീട് എനിക്ക് മനസ്സിലായി കുട്ടനാട് പാക്കേജിന്റെ ഭാഗമായി അവിടെ വർക്ക് ആരംഭിച്ചിരിക്കുന്നുവെന്ന്. ഞാൻ ആ നാട്ടിലെ എം.എൽ.എ.യാണ്. എത്ര രൂപയുടെ കോൺട്രാക്ടാണ് ഈ പാടത്തിനെന്ന് ഞാൻ പലരോടും ചോദിച്ചു. അറിയില്ല. ആദ്യത്തെ ബോട്ട് യാത്രയിൽ, മന്ത്രിമാരായ ശ്രീ. എൻ. കെ. പ്രേമചന്ദ്രനും, ശ്രീ. മുല്ലക്കര രത്നാകരനും, ശ്രീ എസ്. ശർമ്മയും, ശ്രീ. സി. ദിവാകരനുമൊക്കെ സാക്ഷികളാണ്. ആർ. ബ്ലോക്കിന്റെ അതിലെ ബോട്ട് തിരിച്ചുവിട്ട് ഇപ്പോഴുള്ള ഉയരത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങൾക്ക് കല്ലുകെട്ടിയാൽ ഇവിടെ രണ്ട് കൃഷി ചെയ്യാമെന്നും പാവങ്ങളുടെ വീട്ടിൽ വെള്ളം കയറില്ലെന്നും ശ്രീ. ശരത് പവാറിനോട് ആദ്യം പറഞ്ഞുകൊടുത്തതിനും എം.എസ്. സ്വാമിനാഥനെ ഇങ്ങോട്ട് അയച്ചതിനും ഈ നാല് മന്ത്രിമാരും എതാനും എം.എൽ.എ.മാരും രണ്ട് എം.പി.മാരും സാക്ഷികളാണ്. അതുകൊണ്ട് മാസത്തിൽ ഒരിക്കൽ പ്രോസ്പിരിറ്റി കൗൺസിൽ കൂടിയിരിക്കണമെന്ന് അങ്ങ് അടിയന്തരമായി ഒരു നിർബന്ധ നിയമം വയ്ക്കണം. മന്ത്രിസഭാ യോഗം കൂടുന്ന അതേ ഗൗരവത്തിൽത്തന്നെ പ്രോസ്പിരിറ്റി കൗൺസിലും നിർബന്ധമായും വിളിച്ചുചേർക്കണമെന്ന് നിഷ്കർഷിക്കണം. ഞങ്ങൾക്ക് ഇൻറൈറ്റിംഗിൽ കിട്ടണം, കഴിഞ്ഞ മാസത്തിൽ എത്ര ടെണ്ടറുകൾ വിളിച്ചു? ആരാണ് കോൺട്രാക്ടർ? എത്ര അടി ഉയരമുണ്ട്? അതിന് മുകളിൽ എത്ര അടി വീതിയുണ്ട്? അടുത്ത മാസത്തിൽ ഏതൊക്കെ ടെൻഡറുകൾ ചെയ്യാൻ പോകുന്നു? ഇതിന്റെ മുൻഗണനാക്രമം എങ്ങനെയാണ്? എത്ര പശുവിനെ വിതരണം ചെയ്തു? എത്ര ആടിനെ വിതരണം ചെയ്തു? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഈ കാര്യത്തിൽ ഇടപെടുന്നില്ലെങ്കിൽ ഇപ്പോൾ തന്നെ അഴിമതി കൊടികുത്തി വാഴുന്ന പല വകുപ്പുകളും കുട്ടനാട്ടിലെ പാവപ്പെട്ടവന്റെ പണവും കൊണ്ടുപോകും. കുട്ടനാട്ടിലെ നെല്ലുൽപ്പാദനം ഇരട്ടിയാക്കുന്നതിന് കർഷകർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ പാഴാക്കാൻ സമ്മതിക്കരുതെന്ന് ഞാൻ അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കുട്ടനാട് പാക്കേജിന്റെ നടത്തിപ്പ് വിവിധ തലങ്ങളിൽ വിശകലനം ചെയ്യുന്നുണ്ട്. കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള ടാക്സ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി കുട്ടനാട് പാക്കേജിന്റെ നടത്തിപ്പിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി കുട്ടനാട് പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തികളുടെ അവലോകനം മൂന്ന് മാസത്തിലൊരിക്കൽ നടത്തുന്നുണ്ട്. ഇത് കൂടാതെ കേന്ദ്ര സർക്കാരിന്റെ കോ-ഓർഡിനേഷൻ കമ്മിറ്റിയും ജില്ലാ കളക്ടർമാർ തലവന്മാരായിട്ടുള്ള ജില്ലാതല കമ്മിറ്റികളും എല്ലാ മാസവും കുട്ടനാട് പാക്കേജിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്. മുഖ്യമന്ത്രി ചെയർമാനായ കുട്ടനാട് പാക്കേജ് പ്രോസ്പിരിറ്റി കൗൺസിൽ മുഖേനയാണ് കുട്ടനാട് പാക്കേജിനെ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും നയപരമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമാണ്. ഇതിനായി എല്ലാ മാസവും യോഗം ചേരുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രോസ്പിരിറ്റി കൗൺസിൽ നിശ്ചിത വേളകളിൽ യോഗം ചേരുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. തോമസ് ചാണ്ടി : സർ, ഇതിനുവേണ്ടി ഇപ്പോൾ മങ്കൊമ്പിൽ ഒരു ചെറിയ ഓഫീസുണ്ട്. ഇതിന്റെ വിവരങ്ങൾ അവിടെ ചെന്ന് ചോദിക്കുമ്പോൾ പറയും ഇത് ഇവിടെ ലഭ്യമല്ല, ചെങ്ങന്നൂർ പോകണമെന്ന്. അങ്ങ് ഇടപെട്ട് കുട്ടനാട് പാക്കേജിന്റെ ഓഫീസ് കുട്ടനാടിന്റെ മദ്ധ്യഭാഗത്ത്, ഒന്നുകിൽ മങ്കൊമ്പിലോ അല്ലെങ്കിൽ ആലപ്പുഴയിലോ ചങ്ങനാശ്ശേരിയിലോ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : കുട്ടനാട് പാക്കേജിന്റെ ഓഫീസ് മങ്കൊമ്പിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

III സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ : മൊത്തം 21 സബ്മിഷനുകളാണുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ പരമാവധി ചുരുക്കി സംസാരിക്കുവാനും മറുപടി പരമാവധി ചുരുക്കി പറയാനുമുള്ള സൻമനസ്സ് കാണിക്കണം.

(1) പി.എസ്.സി. നിയമനങ്ങൾ

ശ്രീ. ബാബു. എം. പാലിശ്ശേരി : സർ, ഇപ്പോൾ നമ്മുടെ നാട്ടിൽ ഏറ്റവും ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒന്നാണല്ലോ പി.എസ്.സി. നിയമനങ്ങളും അതിലെ ചില അപാകതകളും. വളരെ സുതാര്യമായും മാതൃകാപരമായുമാണ് പി.എസ്.സി. പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പി.എസ്.സി.യെയും ഗവൺമെന്റിനെയും നോക്കുകുത്തിയാക്കിയാണ് നടപടിക്രമങ്ങളിലെ ചില പഴുതുകൾ ദുരുപയോഗം ചെയ്ത് അഴിമതിക്കാരായ ചില ഉദ്യോഗസ്ഥന്മാർ അസൂത്രിതമായി നിയമനത്തട്ടിപ്പ് നടത്തി